# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോരുത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.11/488/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 24/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോരുത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.11/488/2022 തീയ്യതി: 24/03/2022

## കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-02-2022 മുതൽ 31-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടിഡയറക്ടർ(ഹ ഗ്രേ) | 14-02-2022 | 26-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-02-2022 | 26-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പി ജി പ്രസാദ്, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അമ്പിളി എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രഞ്ജിത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റ്റി കെ രാജു | പ്രസിഡന്റ് | 01-04-2019 | 19-07-2019 |
| ഷിജി അജയകുമാർ(ചാർജ്) | പ്രസിഡന്റ് | 20-07-2019 | 12-08-2019 |
| കെ ബി രാജൻ | പ്രസിഡന്റ് | 13-08-2019 | 31-03-2020 |
| റീനാജോൺ | സെക്രട്ടറി | 01-04-2019 | 12-07-2019 |
| എം എൻ വിജയൻ | സെക്രട്ടറി | 19-07-2019 | 31-03-2020 |
| രജനിമോൾ റ്റിഡി | സെക്രട്ടറി | 13-07-2019 | 18-07-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രജനിമോൾ റ്റിഡി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| സോനുചന്ദ്രൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2019 | 31-03-2020 |
| വേണുഗോപാൽ | കൃഷിഓഫീസർ | 01-04-2019 | 31-03-2020 |
| ആസിയ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ജയന്ത് ഗോവിന്ദ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഗീതാമോൾ സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| വത്സല പി എ | ഹെഡ്മിസ്സ്ട്രസ് | 01-04-2019 | 31-03-2020 |
| സൂസൺ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| അരുൺ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| രാജൻകുട്ടി എൻ ജി | വി ഇ ഒ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajesh M (Asst. Audit Officer, On 19-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 19-02-2022) | 1-1 |
| 2 | വാർഷികകണക്ക് പരിശോധന<br>Written By: Ambily M (Asst. Audit Officer, On 19-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ambily M (Asst. Audit Officer, On 19-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ambily M (Asst. Audit Officer, On 19-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Prasad P G (Audit Officer, On 19-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 21-02-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമപദ്ധതികൾ<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Ranjith M (Senior Grade Auditor, On 21-02-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Ranjith M (Senior Grade Auditor, On 21-02-2022)<br>Last Updated By: Ranjith M (Senior Grade Auditor, On 21-02-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Prasad P G (Audit Officer, On 01-03-2022)<br>Last Updated By: Prasad P G (Audit Officer, On 01-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 22-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 22-02-2022) | 1-10 |
| 11 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-11 |
| 12 | ഡി&ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Ranjith M (Senior Grade Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-12 |
| 13 | പ്രോ.നം 140/20,ബി.പി.എൽ കുടുംബങ്ങൾക്ക് സോളാർ റാന്തൽ വിതരണം. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ.<br>Written By: Prasad P G (Audit Officer, On 01-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-13 |
| 14 | കൊമ്പുകുത്തി എസ്.ടി കോളനി സാംസ്കാരികനിലയം വൈദ്യുതീകരണം- 127000/രു ഡെപ്പോസിറ്റ് ചെയ്തതിന്റെ രേഖകൾ ലഭിച്ചില്ല.<br>Written By: Prasad P G (Audit Officer, On 01-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-14 |
| 15 | 2019-20വാർഷികപദ്ധതി-ജില്ലാ ആസൂത്രണസമിതി അംഗീകാരം- ഫൈനൽ പ്രൊസീഡിംഗ്സ് ലഭിക്കാത്തത്.<br>Written By: Prasad P G (Audit Officer, On 01-03-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 01-03-2022) | 1-15 |
| 16 | കന്നുകുട്ടി പരിപാലനം | 1-16 |

| | | |
|---|---|---|
| | Written By: Ambily M (Asst. Audit Officer, On 26-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 01-03-2022) | |
| 17 | നികുതി വിഹിതം കൺവീനർക്ക് അധിക തുക നല്കി<br>Written By: Rajesh M (Asst. Audit Officer, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-17 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 20-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 20-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Rajesh M (Asst. Audit Officer, On 20-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തിക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 20-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 26-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 20-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 20-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Ranjith M (Senior Grade Auditor, On 21-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Ranjith M (Senior Grade Auditor, On 21-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 21-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 21-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 21-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 24/3/2020 തീയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 9332076 | 17230815.23 |
| വരവ് | 148307674 | 61637545.00 |
| ആകെ | 157639750 | 78868360.23 |
| ചെലവ് | 151139023 | 60134698.00 |
| നീക്കിയിരിപ്പ് | 6500727 | 18733662.23 |

പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ്ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും , ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്താനുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമെന്ന നിലയിൽ (ബഡ്ജറ്ററി കൺട്രോൾ) കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതുണ്ട്. ബഡ്ജറ്റ് നിയന്ത്രണത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് ബഡ്ജറ്റ് തയ്യാറാക്കുന്നതിന് പകരം നിയമപരമായ ബാധ്യത നിറവേറ്റുന്നതിന് മാത്രമാണ് ശ്രമിച്ചിട്ടുള്ളത് എന്ന് പ്രതീക്ഷിത/യഥാർത്ഥ വരവുചെലവുകളിലെ അന്തരം വ്യക്തമാക്കുന്നു.

## 1-2 വാർഷികകകണക്ക് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 85732862.00 രൂപയും ചെലവ് 91021851.00 രൂപയും വരവിൽ അധികമായ ചെലവ് 5288989.00 രൂപയുമാണ്. 31/03/2019-ലെ പഞ്ചായത്തിന്റെ ആസ്തിമൂല്യം 69040777.73 രൂപയും ബാധ്യതകളുടെ മൂല്യം 64944337.97 രൂപയും ജനറൽ ഫണ്ട് 4096439.76 രൂപയുമാണ്. 2019-20 ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2019 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
3. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
4. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.
5. വസ്തുനികുതി- ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
6. ലൈസൻസ് - വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാൻഡ് ലൈസൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
7. പബ്ലിക്ക് വർക്ക് ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുകയുടെ B-18 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് യഥാർത്ഥ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

8. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 17230815.23 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61637545.00 |
| ആകെ | 78868360.23 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60134698.00 |
| നീക്കിയിരിപ്പ് | 18733662.23 |
| വരവിനങ്ങളിലുള്ള നഷ്ടം | ......... |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | .................. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 577450 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 10961000 | 10961000 | 9976629 | 984371 | 91.02 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 7089000 | 7089000 | 5178230 | 1910770 | 73.04 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 3537000 | 3537000 | 2497532 | 1039468 | 70.61 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 8380066 | 8380066 | 3863119 | 4516947 | 46.09 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 10637000 | 10637000 | 5638298 | 4998702 | 53.00 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 3251000 | 3251000 | 1580223 | 1670777 | 48.60 |
| ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 132132 | 23506153 | 23638285 | 22780660 | 857625 | |

| | | | | | | |
|---|---|---|---|---|---|---|
| ICDS ഫണ്ട് | 1149891 | 573521 | 1723412 | 300000 | 1423412 | |
| റ്റി എസ് സി | 3047137 | - | 3047137 | 565000 | 2482137 | |
| കോർപസ് ഫണ്ട് | 4010192 | 34161 | 4044353 | 1815112 | 2229241 | |

- ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് വരവ് 9622765/- രൂപയാണ്. സർക്കാർ ഉത്തരവുകൾ പ്രകാരം ലഭിച്ച വികസനഫണ്ട് വരവ് 10961000 രൂപയാണ് (സർക്കാർ നേരിട്ട് കുറവ് ചെയ്ത1338235/-രൂപ ഉൾപ്പെടെ).
- ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് (എസ് സി പി) വരവ് 4593647/- രൂപയാണ്. സർക്കാർ ഉത്തരവുകൾ പ്രകാരം ലഭിച്ച വികസനഫണ്ട് വരവ് 7089000 രൂപയാണ് (സർക്കാർ നേരിട്ട് കുറവ് ചെയ്ത264706/-രൂപ ഉൾപ്പെടെ). ജി ഒ (ആർ റ്റി)10050/19 തീ21/12/2019 പ്രകാരമുള്ള 2363000/- രൂപ ഗ്രാന്റ് സ്റ്റേറ്റ് മെന്റിൽ വരവിൽ ഉൾപ്പെട്ടിട്ടില്ല.
- ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ലഭിച്ച 8380066/- രൂപയിൽ 3863119/- രൂപ മാത്രമാണ് (46.09%)ചെലവഴിച്ചത്
- ഗ്രാന്റ് സ്റ്റേറ്റ്മെന്റ് /അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡ് വരവ് 10637000/- രൂപയും ചെലവ് 5638298/- രൂപയുമാണ്. അറ്റകുറ്റപ്പണി ആവശ്യമായ റോഡുകൾ ഉള്ളപ്പോൾ 49.98 ലക്ഷം രൂപ നഷ്ടപ്പെടുത്തി.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യകമ്മീഷൻ അവാർഡ് എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലേകനം

പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ എല്ലാം പാലിച്ച് 2019-20 വാർഷിക പദ്ധതി തയാറാക്കിയെങ്കിലും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുന്നതിന് സാധിക്കുകയുണ്ടായില്ല.പൊതുവിഭാഗം വികസനഫണ്ട് വകയിരുത്തി തയാറാക്കിയ ഓഫീസ് വാഹനത്തിന്റെ മെയിന്റനൻസിനായുള്ള പ്രോജക്ടിന് കോഓർഡിനേഷൻ സമിതിയുടെ അംഗീകാരം ആവശ്യപ്പെട്ട് മടക്കിയെങ്കിലും പിന്നീട് കോവിഡ് മൂലവും മറ്റും നടപടികൾ മുടങ്ങിയതിനാൽ നിലവിലും അംഗീകാരമില്ലാത്ത സാഹചര്യമാണ്.(ഖ. കൂടി കാണുക.)
2019-20 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 109384993/- രൂപയും ആകെ ചെലവ് 50981015/- രൂപയുമാണ്. ചെലവുശതമാനം 46.60%. അംഗീകാരം ലഭിച്ച 192 പ്രോജക്ടുകളിൽ 115 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 900001 | 900001 | 100 |
| വെറ്ററിനറി സർജൻ | 4 | 4 | 2216400 | 1058900 | 47.77 |
| എം.ഒ (പിഎച്ച്സി) | 6 | 6 | 2002718 | 1946547 | 97.19 |
| എം.ഒ (ഹോമിയോ) | | | | | |
| എം.ഒ (ആയുർവേദം) | 1 | 1 | 400000 | 400000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 321569 | 265133 | 82.44 |

| | | | | | |
|---|---|---|---|---|---|
| വി ഇ ഒ | 19 | 16 | 54121505 | 26115488 | 48.25 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 9 | 6 | 3123311 | 1904061 | 60.96 |
| സെക്രട്ടറി | 35 | 24 | 12488181 | 4741334 | 37.96 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 92 | 38 | 29131224 | 11053845 | 37.94 |
| ഹെഡ്മ് മാസ്റ്റർ | 6 | 3 | 1079075 | 377990 | 35.02 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 10 | 3601009 | 2217716 | 61.58 |
| ആകെ | 192 | 115 | 109384993 | 50981015 | 46.6 |

വിനിയോഗലക്ഷ്യം കൈവരിച്ചില്ല – 1.51 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

2019-20 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തിയതായി കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 92 പ്രോജക്ടുകളിൽ 38 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 37.94%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 984371 |
| വികസന ഫണ്ട്-എസ്.സി.പി. | 1910770 |
| വികസന ഫണ്ട്- ടി.എസ്.പി. | 1039468 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 4516947 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 4998702 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 1670777 |
| ആകെ | 15121035 |

1.51 കോടിയിലധികം രൂപ പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം സാങ്കേതിക അനുമതി ലഭിച്ച 232 പ്രോജക്ടുകളിൽ 176എണ്ണവും തൻവർഷം നടപ്പിലാക്കി. 80666 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1615കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മിനി എം സി എഫ്, കാലിത്തൊഴുത്ത് എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-20വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 132132.00 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 23308089 | 23506153 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 198064 | |
| ആകെ വരവ് | | | 23638285 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 22102580.00 | |
| | വിദഗ്ദ്ധ തൊഴിലാളികളുടെവേതനം, സാധന വില | 476376.00 | |
| | ഭരണ ചെലവുകൾ | 201704.00 | |
| ആകെ ചെലവ് | | | 22780660.00 |
| നീക്കിയിരിപ്പ് | | | 857625.00 |

## 1-7 സാമൂഹ്യക്ഷേമപദ്ധതികൾ

2019-20വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11040 | 5 |
| വാർദ്ധക്യകാലപെൻഷൻ | 6116100 | 415 |
| കർഷകതൊഴിലാളി പെൻഷൻ | 1434000 | 17 |
| വിധവാപെൻഷൻ | 2704200 | 65 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 86400 | 4 |
| വികലാംഗപെൻഷൻ | 1018300 | 20 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2019-20ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 15/02/2022-ന് 03:30 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 2780/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചപ്പെട്ടിരുന്നുവെങ്കിലും ചില അപാകതകൾ ഇനിയും പരിഹരിക്കപ്പെടേണ്ടതുണ്ട്. ജീവനക്കാരുടെ ജോലികൾ കൃത്യമായി നിർവചിക്കുക,അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം,സേവനരേഖകൾ,എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

എന്നാൽ നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും മതിയായ കാര്യക്ഷമത പുലർത്തുന്നില്ലയെന്ന് ഓഡിറ്റിൽ ബോധ്യപ്പെടുകയുണ്ടായി. നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നു. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ അപാകത ഉണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിലും അപാകതകൾ നിലനില്ക്കുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. വാർഷിക പദ്ധതി പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടക്കുന്നില്ലയെന്നത് ആഭ്യന്തരനിയന്ത്രണത്തിലെ വീഴ്ചയാണ്. വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളിലെ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും ഭരണസമിതിയുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനം ആഭ്യന്തരനിയന്ത്രണ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് അനിവാര്യമാണ്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-12-2019 | 11/2019 | A4-681/20 Dt 19-2-/2020 |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 24/12/2016-10 /01/2020 | 2014-15 മുതൽ 2019-20വരെ | LBA(HQ)II/8A-114/19-20/504 Dated 6/02/2020 |

### 1-11 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| എസ്.ബി.എ കോരുത്തോട് | 1, 11 |
| വനിതാ സഹകരണ ബാങ്ക്-കോരുത്തോട് | 11 |
| അഗ്രിക്കൾക്കച്ചറൽ ഇംപ്രൂവ് മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1, 11 |
| കുഴിമാവ് ടോപ്പ് കെ.വി.സി.എസ് | 11 |
| മലനാട് മിൽക്ക് സൊസൈറ്റി-പള്ളിപ്പടി | 1, 11 |
| മുളമൂട്ടിൽ ഫിനാൻസ്-പനക്കച്ചിറ | 1, 11 |
| മുളമൂട്ടിൽ ഫിനാൻസ്-കുഴിമാവ് | 1, 11 |
| മുളമൂട്ടിൽ ഫിനാൻസ്-കോരുത്തോട് | 1, 11 |
| മുളമൂട്ടിൽ ഫിനാൻസ്-മടുക്ക | 1, 11 |

മേൽപറഞ്ഞ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഡി&ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2019-20 വർഷത്തെ ഡി.&ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്റർ പ്രകാരമുള്ള നമ്പർ | വാർഡ്/ കെട്ടിട നമ്പർ | സ്ഥാപന ഉടമ | റിമാർക്സ് |
|---|---|---|---|
| 9 | Vii | സുധീഷ് .കെ.എസ് | വയറിംഗ് സാധനങ്ങളുടെ വില്പന |
| 52 | X11/294 | പീതാംബരൻ മടുക്ക | കോഫീ ബാർ |
| 53 | Ix/71 | ഹസീന റിയാസ് | പലചരക്ക് |
| 59 | Vi/60 | വിനോദ്. എ.വി | ബേക്കറി |
| 79 | Xv/369 | രജനി അനിൽ | സോപ്പ് നിർമ്മാണം |
| 102 | Xii/389 | ലേഖാമോൾ.എ.പി | പാരാമെഡിക്കൽ |
| 105 | Vi/100 | ആശാറോസ് ,മാത്യൂ,കോരുത്തോട് | പാരാമെഡിക്കൽ |
| 104 | Vi/118 | അജികുമാർ | ഇലക്ട്രിക്കൽ റിപ്പയർ |
| 116 | Ix/48 | കുട്ടപ്പൻ,പൂഞ്ചവയൽ | പലചരക്ക് |

മേൽപറഞ്ഞ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുവാനുണ്ടായ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നമ്പർ-7) ക്ക് ടി സ്ഥാപനങ്ങൾ അപേക്ഷ നൽകിയിരുന്നുവെങ്കിലും കോവിഡ് മൂലം താത്ക്കാലികമായി പ്രവർത്തിക്കുന്നില്ലന്നുള്ള കാരണത്താലാണ് ഫീസ് അടവാക്കഞ്ഞത് എന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്.ആയത് പൂർണ്ണമായും അംഗീകരിക്കാവുന്നതല്ല പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസിന്റെ പരിധിയിലുൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 പ്രോ.നം 140/20,ബി.പി.എൽ കുടുംബങ്ങൾക്ക് സോളാർ റാന്തൽ വിതരണം. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ.

പ്രോജക്ട് പ്രകാരം വികസനഫണ്ട്,തനത് ഫണ്ട്,ഗുണഭോക്തൃവിഹിതം എന്നിവ യഥാക്രമം 448557/,1893/,69300/വീതം വകയിരുത്തി ആകെ 519750/രൂപയാണ് പ്രവൃത്തിയുടെ അടങ്കൽ.03-05-19 ലെ ഇൻവോയ്സ് INV-CA0530 പ്രകാരം 143സോളാർ റാന്തലുകൾ അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ് 500500/രൂപ വിലക്ക് സപ്ലൈ ചെയ്തതായി കാണുന്നു.ട്രഷറിബിൽ 13/19-20/06-09-19പ്രകാരം 448557/രൂപ വികസനഫണ്ടും,1893/രൂപ തനത് ഫണ്ടുമുൾപ്പെടെ 450450രൂ സ്ഥാപനത്തിന് നല്കിയിട്ടുമുണ്ട്.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്തൃവിഹിതം ശേഖരിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ലഭ്യമായില്ല. 143 റാന്തലുകൾ ലഭ്യമായതിൽ 5എണ്ണം ഇനിയും വിതരണം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

പ്രവൃത്തിയുടെ ബിൽ തുകയിൽ നിന്ന് നിന്ന് 2% TDS കിഴിവ് വരുത്തിയിട്ടുമില്ല.ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 4/17.02.22) മറുപടി അപൂർണ്ണമാണ്.

ഗുണഭോക്തൃവിഹിതം ശേഖരിച്ചതിന്റെയും ചെലവഴിച്ചതിന്റെയും കൃത്യമായരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.വിതരണം ചെയ്യാത്ത റാന്തലുകൾ യഥാർഥഗുണഭോക്താക്കൾക്ക് കൈമാറി രേഖകൾ ഹാജരാക്കേണ്ടതാണ് അല്ലാത്തപക്ഷം 5 റാന്തലുകളുടെ വിലയായ 17500/(3500 X 5)നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി സർക്കാരിലേക്കുൾപ്പെടെ തിരിച്ചടയ്ക്കേണ്ടതാണ്.ഈടാക്കേണ്ടിയിരുന്ന 2% TDS ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.അപാകതകൾ പരിഹരിക്കുന്നതുവരെ പ്രോജക്ടിനായുള്ള 450450/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 കൊമ്പുകുത്തി എസ്.ടി കോളനി സാംസ്കാരികനിലയം വൈദ്യുതീകരണം-127000/രൂ ഡെപ്പോസിറ്റ് ചെയ്തതിന്റെ രേഖകൾ ലഭിച്ചില്ല.

പ്രോ.നം184/20ന്റെ ഭാഗമായി കൊമ്പുകുത്തി എസ്.ടി കോളനി സാംസ്കാരികനിലയം വൈദ്യുതീകരണം എന്ന ആവശ്യത്തിന് പൊതുമരാമത്ത് വൈദ്യുതിവിഭാഗം അസി.എക്സി.എൻജിനീയർ കോട്ടയത്തിന്റെ 18-02-20ലെ എസ്റ്റിമേറ്റ് പ്രകാരം പൊതുമരാമത്ത് വകുപ്പ് ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നതിന് വൗച്ചർ നം.21900762/20-03-20 (ചെക്ക്നം.293386/20-03-20) പ്രകാരം കോർപ്പസ് ഫണ്ടിനം 127000/രൂപ അസി.എൻജിനീയർ കൈപ്പറ്റിയിട്ടുണ്ട്.എന്നാൽ തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ വിവരങ്ങൾ,കരാർ തുടങ്ങിയവ ലഭിച്ചിട്ടില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിലും,പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ഇല്ലാത്തതിനാലും 127000/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 6/22.02.22ന് മറുപടി ലഭിച്ചില്ല.)

## 1-15 2019-20വാർഷികപദ്ധതി-ജില്ലാ ആസൂത്രണസമിതി അംഗീകാരം-ഫൈനൽ പ്രൊസീഡിംഗ്സ് ലഭിക്കാത്തത്.

പഞ്ചായത്ത് കമ്മിറ്റിയുടെ 30-10-2020 ലെ 1(5)തീരുമാനം 2019-20 വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം സംബന്ധിച്ച ഫൈനൽ പ്രൊസീഡിംഗ്സ് ലഭിക്കാത്തതുമായി ബന്ധപ്പെട്ടാണ്.അതുപ്രകാരം 2019-20 വാർഷികപദ്ധതിയിൽ പഞ്ചായത്തിലെ ഔദ്യോഗികവാഹനം റിപ്പയർ ചെയ്യുന്നതിനായി പ്രോജക്ട് രൂപീകരിച്ച് (232/20) വികസനഫണ്ട് സാധാരണവിഹിതം 88296/രൂപ വകയിരുത്തിയിരുന്നു.എന്നാൽ പ്രോജക്ട് അംഗീകരിക്കുന്നതിന് കോ ഓർഡിനേഷൻകമ്മിറ്റി തീരുമാനം വേണമെന്ന് 09-03-2020 ലെ ഡി.പി.സി ആവശ്യപ്പെടുകയും പ്രോജക്ട് മടക്കുകയും ചെയ്തു.കോവിഡ് ലോക്ക് ഡൗൺ മൂലം ഡി.പി.സി നടക്കാതെ വരികയും പ്രോജക്ട് റിവിഷൻ സാധിക്കാതെ വരികയും ചെയ്തു.ഇത് മൂലം 2019-20 ലെ വാലിഡേഷൻ തെറ്റായി കാണിക്കുകയും വാർഷിക പദ്ധതിക്ക് ആസൂത്രണസമിതി അംഗീകാരത്തിന്റെ ഫൈനൽ പ്രൊസീഡിംഗ്സ് ലഭിക്കാതെ വരികയും ചെയ്തിരിക്കുന്നു.പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലൂടെ ഈ അപാകത പരിഹരിക്കണമെന്ന് കോ ഓർഡിനേഷൻ കമ്മിറ്റിയോടഭ്യർഥിച്ച തീരുമാനിച്ചു.

കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടിസംബന്ധിച്ചും ,അനന്തരഫലം സംബന്ധിച്ചും വിശദാംശങ്ങൾ ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

2019-20 വാർഷികപദ്ധതി ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരംലഭ്യമാക്കുന്നതിന് മതിയായ നടപടികൾ സ്വീകരിക്കേണ്ടതും അംഗീകാരം സംബന്ധിച്ച അന്തിമരേഖ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അധികാരപ്പെട്ട സ്ഥാപനത്തിന്റെ (Competent Authority) അംഗീകാരമില്ലാത്ത ചെലവായി മാത്രമെ 2019-20 വാർഷികപദ്ധതിചെലവുകൾ പരിഗണിയ്ക്കപ്പെടുകയുള്ളു.

## 1-16 കന്നുകുട്ടി പരിപാലനം

| | |
|---|---|
| പ്രോജക്റ്റ് | 108/20, കന്നുകുട്ടി പരിപാലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവ് | 118750 (Bill No.2/28.01.2020)<br>93750 (Bill No.11/13.03.20)<br>ആകെ - 212500 രൂപ |

2019-20 വർഷത്തെ പ്രോജക്ടിനായി 3-6 മാസം പ്രായമുള്ള കന്നുകുട്ടികളിൽ നിന്ന് തെരഞ്ഞെടുത്ത 34 എണ്ണം കിടാക്കളെയാണ് എൻറോൾ ചെയ്യത്. പ്രോജക്റ്റ് തുക അസിസ്റ്റന്റ് ഡയറക്ടർ എസ്.എൽ.ബി.പി., കോട്ടയം ട്രഷറി അക്കൗണ്ടിലേക്ക്(നം.70801140000050) ട്രാൻസ്ഫർ ചെയ്തു.പ്രോജക്റ്റ് പ്രകാരമുള്ള ഫീഡ് വിതരണം നടന്നുവരികയാണ് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് വേളയിൽ അറിയിച്ചത്. കന്നുകുട്ടി പരിപാലനം പ്രോജക്റ്റ് കാലാവധി 32 മാസങ്ങൾ ഉള്ളതിനാൽ ഫീഡ് വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് എസ്.എൽ.ബി.പി.-യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-17 നികുതി വിഹിതം കൺവീനർക്ക് അധിക തുക നല്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ ആസൂത്രണം ചെയ്ത് 2019-20 ൽ നടപ്പാക്കിയ ഇ പി രാജേഷ് പടി – പശ്ചിമക്ഷേത്രം റോഡ് സൈഡ് കെട്ട് എന്ന 179/19-20 നമ്പർ പ്രോജക്റ്റ് ഗുണഭോക്തൃസമിതിയാണ് നിർവ്വഹണം നടത്തിയത്.ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 47004/- രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 7.5 % ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ നികുതി വിഹിതം അടവാക്കുന്നതിനാണ് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത് . ബിൽ പ്രകാരം 2% നികുതി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട് . കൺവീനർ ജി എസ് ടി/വാറ്റ് അടവാക്കിയില്ലെങ്കിൽ 5% തുക കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ് (സർക്കുലർ നമ്പർ DB3-9058/17 CE/LSGD Dt. 16-3-2018കാണുക). ആയതു പ്രകാരം ആകെ വേലമൂല്യത്തിന്റ 5% തുക 2186/-(47004/1.075 X0.05=2186/-) കൺവീനർക്ക് അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/21.02.22) മറുപടി നല്കിയിട്ടില്ല. കൺവീനർക്ക് അധികം നല്കിയ തുക തിരികെ ഈടാക്കുകയോ അല്ലെങ്കിൽ പ്രസ്തുത തുകയുടെ അടവ് വിവരം (ജി എസ് റ്റി/വാറ്റ്) ഓഡിറ്റിൽ രേഖാമൂലം അറിയിക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-20വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 29/05/2020-ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് 30/5/2020 ൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായുംഹാജരാക്കിയിട്ടുണ്ട് ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 14/2/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2019-20 ൽ സംയുക്ത പ്രോജക്ടിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | 2019-20 | 250000 | പാലിയേറ്റീവ് കെയർ യൂണിറ്റ്(പ്രോ നം 109/19-20) | 250000 | 0 |
| | 2019-20 | 200000 | മുണ്ടക്കയം ബ്ലോക്ക് റോഡ് പുനരുദ്ധാരണം(പ്രോ നം 73/19-20) | 200000 | 0 |
| | 2019-20 | 97040 | ക്ഷീര കർഷകർക്ക് ഇൻസന്റീവ് (പ്രോ നം 55/19-20) | 97040 | |
| | 2019-20 | 1627688 | ലൈഫ് ഭവനം(പ്രോ നം 148/19-20) | 1627688 | 0 |
| | 2019-20 | 160000 | ലൈഫ് ഭവനം എസ് സി (പ്രോ നം 151/19-20) | 160000 | 0 |
| | 2019-20 | 198425 | മന്നംപാലം പള്ളിക്കുന്ന് ടോപ് റോഡ് കോൺക്രീറ്റിംഗ് | 198425 | 2533153 |
| | ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | 2334728 | 0 |
| ജില്ല പഞ്ചായത്ത് കോട്ടയം | 2019-20 | 6859534 | ലൈഫ് ഭവനം(പ്രോ നം 148/19-20) | 6859534 | 0 |
| | 2019-20 | 1410000 | ലൈഫ് ഭവനം | 1410000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | എസ് സി (പ്രോ നം 151/19-20) | | |
| | ആകെ ജില്ലാ പഞ്ചായത്ത് വിഹിതം | | | 8269534 | |

ബി 4 ഷെഡ്യൂൾ പ്രകാരം മുൻ വർഷങ്ങളിൽ വിവിധ ആവശ്യങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 1919026 രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 596276 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നു. സർക്കാർ ധനസഹായം പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധമായതിനാൽ തുക നിശ്ചിത ആവശ്യങ്ങൾക്ക് ചെലവഴിക്കുകയോ സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തിക്ക് നല്കിയ തുകയുടെ വിവരങ്ങൾ

2019-20 വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും അനുവദിച്ച ലോൺ | -- | 10877737 | 6745737 | 1602941 | | 16020533 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 874രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 2010-11 | 3-4 | 874 | സജി കെ കെ | 119010100538/20 /6/2019 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 78868360.23 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60134698.00 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 577450. |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 450450 | ശ്രീ.എം.എൻ. വിജയൻ, സെക്രട്ടറി |
| 1-14 | 127000 | ശ്രീ.എം.എൻ. വിജയൻ, സെക്രട്ടറി |
| ആകെ | 577450 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | എൽ.എഫ്.കെ.പി9-53/08/10.11.2008 | 4 |
| 2009-10, 2010-11 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2018/203(4)/18/28.02.2018 | 11 |
| 2011-12, 2012-13 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2018/203(5)/18/28.02.2018 | 17 |
| 2013-14, 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13-1396/16 /30.05.2017 | 10 |
| 2015-16 | കെ.എസ്.എ.കെ.ടി.എം.പി13-1841/16 /04.07.2017 | 13 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി11-1068/18 /26.10.2018 | 13 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി11-859/19 /26.9.19/4.10.19 | 17 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി11-28/20 /25.02.20 | 19 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്